
പയേറിയയിലെ പനിനീർപൂക്കൾ
(അമേരിക്കൻ മലയാള സാഹിത്യ നിരൂപണങ്ങൾ)
സുധീർ പണിക്കവീട്ടിൽ
ന്യൂയോർക്ക്



# പ്രവാസഭൂവിലെ *പ്രഥമ മലയാളനിരൂപണ ഗ്രന്ഥം

**ഡോക്ടർ. നന്ദകുമാർ ചാണയിൽ**

**ശ്രീ. സുധീർ പണിക്കവീട്ടിൽ**! അമേരിക്കൻമലയാള സാഹിത്യനിരൂപണ ശാഖ എന്ന പ്രസ്ഥാനത്തിനു ഹരിശ്രീകുറിച്ച അതുല്യനായ എഴുത്തുകാരൻ. അമേരിക്കൻ മലയാളസാഹിത്യം സുസൂക്ഷ്മം വീക്ഷിക്കുകയും അതിന്റെ പുരോഗതിയും വളർച്ചയും ലക്ഷ്യമാക്കി പ്രവർത്തിക്കുകയും ചെയ്യുന്ന ഭാഷാസ്നേഹി. കഥ, കവിത, ലേഖനങ്ങൾ, ഹാസ്യോപന്യാസങ്ങൾ എന്നിവ കൂടാതെ, നിരൂപണവും തുടർച്ചയായി എഴുതി അമേരിക്കൻ മലയാളികളെ രസിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന സാഹിത്യപ്രതിഭ. അമേരിക്കയിൽ നിന്നിറങ്ങുന്ന പ്രമുഖ പ്രസിദ്ധീകരണങ്ങളിലെ നിറസ്സാന്നിദ്ധ്യം. അനുരാഗസുരഭില കാവ്യങ്ങൾ രചിക്കുന്നതിൽ അനുഗ്രഹതീനായ ഇദ്ദേഹത്തെ ഈ ലേഖകൻ "പ്രവാസികളുടെ പ്രണയഗായകൻ" എന്നാണ് വിശേഷിപ്പിക്കാറുള്ളത്. രചനകളിൽ പുതുമ കൊണ്ടുവരികയും നൂതനാശയങ്ങൾ പരീക്ഷിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഇദ്ദേഹം സർഗ്ഗാത്മകതയുടെ ചൈതന്യം തേടുന്ന സാഹിത്യോപാസകനാണ്.

അമേരിക്കൻ മലയാളി എഴുത്തുകാരുടെ രചനകളെക്കുറിച്ച് നൂറിലേറെ നിരൂപണങ്ങൾ അദ്ദേഹം എഴുതിക്കഴിഞ്ഞു. ആ നിരൂപണങ്ങളിൽ ചിലതെല്ലാം സമാഹരിച്ച് അദ്ദേഹം പ്രസിദ്ധീകരിച്ച പുസ്തകമാണ് "പയേറിയയിലെ പനിനീർപ്പൂക്കൾ". വടക്കെ അമേരിക്കയിലെ, ഒരു പക്ഷെ പ്രവാസസാഹിത്യ ലോകത്തെ പ്രഥമ മലയാളസാഹിത്യ നിരൂപണഗ്രന്ഥമായ "പയേറിയയിലെ പനിനീർപ്പൂക്കൾ" 2012ൽ പ്രസിദ്ധീകരിച്ചു. പുസ്തകത്തിന്റെ പേരിൽ നിന്നും ഇതൊരു നിരൂപണഗ്രന്ഥമാണെന്ന് പെട്ടെന്ന് അറിയാതെ പോകുന്നു. ഈ പുസ്തകത്തിൽ തന്നെ "അമേരിക്കൻ മലയാള സാഹിത്യം, ഇന്നലെ, ഇന്നു നാളെ" എന്ന ശീർഷകത്തിൽ അമേരിക്കൻ മലയാളസാഹിത്യചരിത്രം അവലോകനം ചെയ്തിട്ടുണ്ട്.

ശ്രീ പണിക്കവീട്ടിലിൻെറ നിരൂപണങ്ങളിൽ പതിവായി കണ്ടുവരുന്ന ഒരു സവിശേഷത, ഇദ്ദേഹം ഖണ്ഡനമുറ സ്വീകരിക്കാറില്ലെന്നതാണ്. മണ്ഡനമുറയാണ് ഇദ്ദേഹത്തിനു സ്വീകാര്യം. അതുകൊണ്ടുതന്നെയാണ് ”ചാരുതയാർന്ന ജാലകക്കാഴ്ച്ചകളിലൂടെ ‘‘ശ്രീ പണിക്കവീട്ടിലിൻെറ നിരൂപണഗ്രന്ഥത്തിൽ, താഡനമല്ല തലോടലാണു വിമർശനം എന്ന് ഒരു പക്ഷെ വിശ്വസിക്കുന്ന സുധീറിൻെറ നിരൂപണക്കുറിപ്പുകൾ ഓരോ ക്രുതിയും വായിക്കുവാനുള്ള ത്വര വായനക്കാരിലുണർത്തുന്നു’’ എന്ന വിലയിരുത്തലിനു സുപ്രസിദ്ധ സാഹിത്യകാരി പ്രൊഫസ്സർ ചന്ദ്രമതിയെ പ്രേരിപ്പിച്ചത്. തൈരിൽ നിന്നും നവനീതം കടഞ്ഞെടുക്കുന്നതുപോലെ, പുസ്തകത്തിൻെറ ആന്തരിക സത്ത, വിമർശനാത്മകമായി പുറത്തുകൊണ്ടു വരിക വഴി, വായനക്കാർക്ക് ക്രുതികൾ വായിക്കാനുള്ള പ്രചോദനം ഈ നിരൂപകൻ നൽകുന്നു. നെല്ലും പതിരും വേർതിരിക്കുന്നത്പോലെയോ, ഒരു അരയന്നം ക്ഷീരവും നീരും വേർതിരിക്കുന്നത് പോലെയോ ആണല്ലോ നിരൂപകകർമ്മം. അമേരിക്കയിലെ പ്രമുഖരും നവാഗതരുമായ മലയാളിഗ്രന്ഥകർത്താക്കളുടെ പുസ്തകങ്ങളെക്കുറിച്ച് നിരൂപണമെഴുതി ആനുകാലികങ്ങളിൽ ഇദ്ദേഹം പ്രസിദ്ധീകരിക്കുന്നു. എഴുത്തുകാർ അവരുടെ പുസ്തകങ്ങൾ സുധീറിനെ ഏൽപ്പിക്കുക പതിവാണ്.

ക്രുതികൾ സശ്രദ്ധം വായിച്ച്, ആസ്വദിച്ച്, യുക്തിഭദ്രമായി, എന്നാൽ വസ്തുനിഷ്ഠയോടെ മാത്രമേ ഓരോ ക്രുതിയേയും ശ്രീ. പണിക്കവീട്ടിൽ വിലയിരുത്താറുള്ളു. ഇദ്ദേഹത്തിൻെറ വിപുലമായ വായനയും, വിവിധ വിജ്ഞാനമേഖലകളിലുള്ള അവഗാഹവും, സരളകോമളമായ ഭാഷാശൈലിയും, നിരീക്ഷണപാടവവും, തൻെറ നിരൂപണത്രാണിയെ പരിപോഷിപ്പിച്ചതായി ഓരോ നിരൂപണവും വായിക്കുന്നയാൾക്ക് മനസ്സിലാവും. മൂല്യനിർണ്ണയത്തിലുള്ള ഈ നിരൂപകൻെറ അനുമാനങ്ങളും, നിഗമനങ്ങളും, അപഗ്രഥന ചാതുരിയും, സമഗ്രമായ വിശകലനവും ഇദ്ദേഹത്തിൻെറ ഓരോ നിരൂപണങ്ങളിലും പ്രകടമാണ്. ക്രുതികളിൽ ഒളിഞ്ഞും തെളിഞ്ഞും കിടക്കുന്ന അർത്ഥതലവ്യാപ്തി വായനക്കാരിലേക്ക് സന്നിവേശിപ്പിക്കുന്നതിൽ ഈ നിരൂപകനുള്ള സവിശേഷ ശേഷി പ്രശംസാർഹം തന്നെ. ക്രുതികളിലെ സാഹിത്യമൂല്യങ്ങൾ കണ്ടെത്തി അതിലൂടെ ക്രുതിയെ വിലയിരുത്തുന്നതിലൂടെ ഇദ്ദേഹം രചയിതാക്കളുടെ ആത്മധൈര്യം വർദ്ധിപ്പിക്കുന്നു. നിരൂപണത്തിൽ വ്യത്യസ്തമായ ഒരു രീതിയാണു അദ്ദേഹം സ്വീകരിക്കുന്നത്. എല്ലാ സ്രുഷ്ടികളിലും ഒരു ചൈതന്യമുണ്ട്. അതിൻെറ പ്രകാശം എത്ര കുറഞ്ഞിരുന്നാലും അതു ശ്രദ്ധിക്കപ്പെടാതെ പോകരുതെന്നു ഈ നിരൂപകൻ വിശ്വസിക്കുന്നതായി മനസ്സിലാക്കാം. എല്ലാറ്റിലും

നന്മ കണ്ടെത്തുന്ന ഒരു സുമനസ്സിനേ ഇത്തരം വിലയിരുത്തലുകൾ സാധിക്കുകയുള്ളു.

ഓരോ സാഹിത്യരചനയുടേയും രൂപഘടനക്കും, ആശയഗരിമക്കും, അനുസ്രുതമായി ഈ നിരൂപകനും തൻെറ ആഖ്യാനരീതിക്ക് വ്യത്യസ്തമായ രൂപരേഖയാണ് സ്വീകരിക്കുന്നത്. കവിതയായാലും, കഥയായാലും, നോവലായാലും, ലേഖനമായാലും മലയാളത്തിലും ഇംഗ്ലീഷ് അടക്കമുള്ള ഇതര വിദേശഭാഷകളിലുമുള്ള ആഗോളപുരാണേതിഹാസങ്ങളിലെ ഉപാഖ്യാനങ്ങളുമായി കോർത്തിണക്കുകയും, അതേപോലെ സാഹിത്യക്രുതികളുമായി താരതമ്യ പഠനം നടത്തുകയും പതിവാണ്. പ്രശസ്തരുടെ ഉദ്ധരണികൾ നിരത്തിയും, പഴമൊഴികളും ഗാനശകലങ്ങളും, പേരുകേട്ട കവികളുടെ വരികളും കലർത്തി തൻെറ നിരൂപണങ്ങൾക്ക് ഉടയാടകൾ ചാർത്തി മോടിപിടിപ്പിക്കുന്നത് ഇദ്ദേഹത്തിനു ഇമ്പമാണ്. ലേഖനത്തിനായാലും, കവിതക്കായാലും, മറ്റേത് സാഹിത്യരൂപത്തിനായാലും വായനക്കാരുടെ ശ്രദ്ധയാകർഷിക്കുന്ന തലക്കെട്ട് നൽകാൻ ഇദ്ദേഹം മിടുക്കൻ തന്നെ. ഇതെല്ലാം ഈ ധിഷണാശാലിയുടെ വായനയിൽ നിന്നും നേടി എടുത്ത ജ്ഞാനം പ്രതിഫലിപ്പിക്കുന്നു. സഹ്രുദയനായിരുന്ന പിതാവിൻെറ ശിക്ഷണത്താലായിരിക്കണം ബാല്യകാലം തൊട്ടേ വായനയും എഴുത്തുമായുള്ള ഈ വ്യക്തിയുടെ സതത ബന്ധം. ഈ പ്രേരണയായിരിക്കാം അനർഗ്ഗളമായി പ്രവഹിക്കുന്ന ഈ എഴുത്തുകാരൻെറ സർഗ്ഗചേതനയുടെ സ്രോതസ്സ്. ഏഴാം വയസ്സിൽ തന്നെ ആദ്യകവിത എഴുതിയതായി മനസ്സിലാക്കുന്നു.

ഓരോ നിരൂപണവും ഒന്നിനൊന്ന് മീതെ, എന്ന കണക്കിൽ ഉള്ള നിലവാരം പുലർത്തുന്നു. ഒറ്റതിരിച്ചുള്ള വിലയിരുത്തൽ എന്ന സാഹസത്തിനു ഈ ലേഖകൻ മുതിരുന്നില്ല. ഏതെങ്കിലും ഒരു കാലത്ത് മലയാളഭാഷാ തൽപ്പരനും അന്വേഷണകുതുഹിയുമായ ഒരു ഗവേഷകൻ പ്രവാസമലയാള സാഹിത്യത്തെക്കുറിച്ച് ഗവേഷണത്തിനു തുനിയവേ, ശ്രീ സുധീർ പണിക്കവീട്ടിലിൻെറ സാഹിത്യരചനകൾ ഒരു അമൂല്യ അക്ഷയഖനിയായി കണ്ടെത്തുമെന്നതിൽ ഈ ലേഖകനു തെല്ലും ശങ്കയില്ല. അദ്വിതീയ പ്രതിഭയുള്ള ഈ സർഗ്ഗധനനു സരസ്വതീകടാക്ഷം തുടർന്നും ഉണ്ടായിക്കൊണ്ടിരിക്കട്ടെ എന്നു ആശംസിക്കുന്നു.

***ഈ ലേഖകൻെറ അറിവിൽപ്പെട്ടിടേത്തോളം**